വാ വാടകക്ക ഒരുസമയം കിട്ടുന്നതായാൽതന്നെ വലുതായ ഒരു സംഖ്യ വാടകയായി കൊടുക്കേണ്ടതായിവരും. ഇപ്പോൾ അഞ്ചലാപ്പീസ്സ് ഇരിക്കുന്ന സ്ഥലം ഒട്ടും അപ്രധാനമല്ലാത്തതും ചുറ്റും വളരെ വീടുകളും കോവിലകങ്ങളും മറ്റും ഉള്ളതാണു്. വളരെക്കാലമായി ചാലക്കുടി അഞ്ചലാപ്പീസ്സ് ഇപ്പോൾ സ്ഥിതിചെയ്യുന്ന കെട്ടിടത്തിൽനിന്നും മാറ്റണമെന്നതായാൽ ആക്ഷേപങ്ങൾക്കു് ഇടയുണ്ടു്. അതിനുപുറമെ ചന്തക്ക സമീപം എപ്പോഴും വലുതായ തിരക്കുള്ളതുകൊണ്ടു് അഞ്ചലാപ്പീസ്സു ജോലിക്കു് അസൌകര്യം ഉണ്ടാകുന്നതാണു്. മേൽ കാണിച്ച കാരണങ്ങളാൽ ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്നും അഞ്ചലാപ്പീസ്സു മാറ്റുവാൻ പാടുള്ളതല്ല.

(സി) ചന്തയിലേക്ക ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്നും ഒന്നര ഫർലോങ്ങ് ദൂരമേയുള്ള. ചന്ത സ്ഥിതിചെയ്യുന്നതു കുറച്ചു വടക്കോട്ടു മാറിയിട്ടാണു്, അതുകൊണ്ടു ചന്തക്ക സമീപത്തുനിന്നും മെയിൽ തീവണ്ടിയാപ്പീസ്സിലേക്കും പരിയാരം ആപ്പീസ്സിലേക്കും കൊണ്ടുപോകുന്നതായാൽ ഇപ്പോൾ മെയിൽ കൊണ്ടുപോകുന്ന സമയത്തിൽനിന്നും ഏറെ മിന്നിട്ട സമയം കുറച്ചു മതിയായിരിക്കും. അതു ഒരു സൌകര്യമായി കണക്കാക്കുവാൻ പാടുള്ളതാണെന്നു തോന്നുന്നില്ല.

TODDY SHOP—CHENNAMANGALAM—SHIFTING OF

509. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ചേന്ദമംഗലം വടക്കുംപുറത്തുള്ള കള്ളുഷാപ്പു മാറി കിട്ടേണമെന്നു ഗവൺമെണ്ടിലേക്ക വല്ല നിവേദനങ്ങളും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു മറുപടി കൊടുത്തു;

(സി) ചേന്ദമംഗലം വടക്കുംപുറത്തുള്ള കള്ളുഷാപ്പു് വടക്കുംപുറം വാലന്മാരുടെ സങ്കേതത്തിലാണോ ഇപ്പോൾ ഉള്ളതു്;

(ഡി) അവിടെയുള്ള പഞ്ചായത്തു പൊതുകിണർ കള്ളുഷാപ്പിൽനിന്നും എത്ര അകലെയാണു് ഇരിക്കുന്നതു്;

(ഇ) ടി ഷാപ്പു് വീടുകളിൽനിന്നും അവിടെയുള്ള ഫിഷറി സ്കൂൾ, വാലന്മാരുടെ ക്ഷേത്രം എന്നിവകളിൽനിന്നും എത്ര അടിവീതം അകലെയാണു് സ്ഥിതിചെയ്യുന്നതു്;

(എഫ്) ചന്ത ഈ ഷാപ്പിൽനിന്നും എത്ര അകലെയാണു് ഉള്ളതു്;

(ജി) ഈ കള്ളുഷാപ്പുനിമിത്തം അവിടെ ചുറ്റും താമസിക്കുന്ന ആളുകൾക്കു് രാത്രി ഉറങ്ങുവാനോ സൌഖ്യമായി കഴിച്ചുകൂട്ടുവാനോ സാദ്ധ്യമല്ല എന്നു വല്ല ആക്ഷേപവും ഗവൺമെണ്ടിനു കിട്ടിയിട്ടുണ്ടോ;

(എച്ച്) മദ്യപന്മാർ കുടിക്കുവാനുള്ള കിണറ്റിലെ വെള്ളം വഷളാക്കുന്നു എന്നും ഗവൺമെണ്ടിലേക്ക ആക്ഷേപം കിട്ടിയിട്ടില്ലേ;

(ഐ) കള്ളുഷാപ്പു കൺട്രാക്ടർ (ലേലക്കാരൻ) ആരാണു്?

മിസ്റ്റർ സി. ജെ. മാത്യു:

(എ) ഉവ്വു്. ഒരു ഹർജി കിട്ടിയിട്ടുണ്ടു്.

(ബി) ടി ഷാപ്പു് വരുന്നകൊല്ലം ഇതു ആക്ഷേപകരമല്ലാത്ത ഒരു സ്ഥലത്തേക്കു മാറ്റുവാൻ ഉത്തരവു നൽകിയിട്ടുണ്ടു്.

(സി) അല്ല. എങ്കിലും വാലന്മാർ ആ പ്രദേശത്തു താമസമുണ്ടു്.

(ഡി) ഉദ്ദേശം ൪൦ അടി അകലെ.

(ഇ) ഫിഷറി സ്കൂളിലേക്കു് ഉദ്ദേശം ൩൩൦ അടിയും ക്ഷേത്രത്തിലേക്കു് ഉദ്ദേശം ൩൨൦ അടിയും അകലമുണ്ടു്. വീടുകൾ എത്തെല്ലാമെന്നു വ്യക്തമല്ലാത്തതിനാൽ മറുപടി പറവാൻ സാദ്ധ്യമല്ല.

(എഫ്) ഉദ്ദേശം ൫൦൦ അടി അകലെ.

(ജി) & (എച്ച്) ഹർജിയിൽ ഈ വക സംഗതികളും കാണിച്ചിട്ടുണ്ടു്.

(ഐ) ചേന്ദമംഗലം വില്ലേജു് വടക്കുംപുറം ദേശത്തു കല്ലുങ്കൽ ബാവു മൌസേപ്പു്.

LIBRARY ARCHIVES Kerala Legislative Assembly